My Lord and My God
Syro-Malabar Catholic Mission Auckland





# RAINBOW
## SMCM NEWSLETTER

**EDITORIAL BOARD**

- Fr Joy Thottamkara C.Ss.R
- Mr. Shibu Mathew (Chief Editor)
- Mr. Raji Chacko
- Mrs. Teena Thomas

**CONTENTS**

- Editorial
- Message from the Chaplain
- Lenten message from the Pope
- Bishop's message
- Articles and Poems
- Legal Column
- Sunday School News Desk
- Events

## Editorial

Vol .1 Date: 08/04/12



റെയിൻബോ – നമ്മുടെ മാഗസിൻ ഒരിടവേളയ്ക്കുശേഷം വീണ്ടും പ്രസിദ്ധീകരണമാരംഭിക്കുകയാണ്. കൃത്യമായ ഇടവേളകളിൽ ഇനി നമുക്കു റെയിൻബോ കാണുവാൻ കഴിയും. കൂടുതൽ ആളുകളിൽ നമ്മുടെ വാർത്തകളും സന്ദേശങ്ങളും എത്തിച്ചേരുന്നതിനും എളുപ്പത്തിൽ ലഭ്യമാകുന്നതിനുമായി ഈ ലക്കം മുതൽ ഇ-മാഗസിൻ ആയാണു പ്രസിദ്ധീകരിച്ചിരിക്കുന്നത്.

ഇതു നമ്മുടെ മാഗസിനാണ്. ***നമ്മുടെ ഈ കൊച്ചു സമൂഹത്തിലെ ഓരോ സ്പന്ദനങ്ങളും അക്ഷരങ്ങളായി കുറിച്ചും, വാർത്തകളും വിജ്ഞാനപരമായ കാര്യങ്ങളും, ദൈവവചനങ്ങളും പരസ്പരം അറിയുന്നതിനും പങ്കുവയ്ക്കുന്നതിനുമുള്ള ഒരു വേദിയാണ് ഈ മാഗസിൻ.***

പ്രധാനമായും നമ്മുടെ കുട്ടികൾക്കാണ് ഈ മാഗസിൻ ഏറ്റവുമധികം ഉപകരിക്കുന്നത്. വ്യത്യസ്തമായ ഒരു സംസ്കാരത്തിൽ വളരുന്ന അവർക്കു നമ്മുടെ കത്തോലിക്കാ പാരമ്പര്യവും, വിശ്വാസവും, മൂല്യങ്ങളും ബന്ധങ്ങളുമൊക്കെ എളുപ്പത്തിൽ മനസ്സിലാക്കുന്ന വിധത്തിൽ അവർക്കു പകർന്നു നൽകുവാൻ നമുക്കു ഇ-മാഗസിനിലൂടെ കഴിയണം. അതിനുതകുന്ന രചനകൾ, അതു എത്ര ചെറുതാണെങ്കിലും എഴുതി നമ്മുടെ കുട്ടികൾക്കു വായിച്ചു അറിയുവാനായി നമ്മൾ നൽകണം. അതിനായി നിങ്ങളുടെ എല്ലാവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

***മറ്റൊരു പ്രധാനമായ ഉദ്ദേശ്യം നമ്മുടെ കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക എന്നതാണ്.*** എഴുതുവാനും വായിക്കുവാനും അവരെ പ്രോൽസാഹിപ്പിക്കുക എന്നതു കൂടിയാണു ഇ-മാഗസിനിലൂടെ നമ്മൾ ലക്ഷ്യം വയ്ക്കുന്നത്. നമ്മുടെ കുട്ടികൾക്ക് അവരുടെ മനസ്സിലുള്ള ആശയങ്ങളും, അവർ കാണുന്ന മനോഹരമായ സ്വപ്നങ്ങളുമൊക്കെ വർണ്ണങ്ങളായി നമുക്കെല്ലാവർക്കുമായി പങ്കുവയ്ക്കാനുള്ള ഒരു വേദി.

***റയിൻബോ എന്നാൽ പ്രതിഫലനമാണ്.*** സൂര്യകിരണങ്ങൾ മഴതുള്ളികളിൽ പതിയുമ്പോഴുണ്ടാകുന്ന മനോഹരമായ ഒരു പ്രതിഭാസമാണു റെയിൻബോ. നമ്മുടെ ഈ റെയിൻബോ, നമ്മുടെ എല്ലാവരുടേയും, പ്രത്യേകിച്ചു നമ്മുടെ കുട്ടികളുടെ ഹൃദയത്തിലുളവാകുന്ന നന്മയുടെ പ്രതിഫലനങ്ങളാണ്. നന്മയാകുന്ന ഈ മഴത്തുള്ളികളിൽ ദൈവസ്നേഹത്തിന്റെ കിരണങ്ങൾ പതിയുമ്പോഴുള്ള റയിൻബോ അതീവമനോഹരമായിരിക്കും. ഈ മനോഹാരിത അക്ഷരങ്ങളായും വാക്കുകളായും നിങ്ങൾക്കോരോരുത്തർക്കും പകർന്നു നൽകുക എന്നതാണു നമ്മുടെ റയിൻബോയെ വ്യത്യസ്തമാക്കുന്നത്.

ഈ മാഗസിൻ പുറത്തിറക്കുവാനായി മാർഗ്ഗനിർദ്ദേശം നൽകുന്ന ബഹുമാനപ്പെട്ട ജോയി അച്ചനും, എന്നോടൊപ്പം ഒരു നല്ല ടീമായി പ്രവർത്തിച്ചു സഹകരിക്കുന്ന, എഡിറ്റോറിയൽബോർഡ് അംഗങ്ങളായ റജി ചാക്കോയ്ക്കും, ടീനാ തോമസിനും നന്ദിയർപ്പിക്കുന്നു. അതുപോലെ തന്നെ മാഗസിനിലേക്കു സാഹിത്യസൃഷ്ടികൾ നൽകിയ എല്ലാവർക്കും, പ്രത്യേകിച്ചു നമ്മുടെ കുട്ടികൾക്കും, ഇതു വായിച്ചു പ്രോൽസാഹിപ്പിക്കുന്ന നിങ്ങൾക്കോരോരുത്തർക്കും നന്ദി പറയുന്നു.

പ്രത്യാശയുടെ പുതിയകിരണങ്ങൾ ഉയർത്തെഴുന്നേൽക്കുന്ന ഈശോയെ സ്വീകരിപ്പാൻ നമുക്കോരോരുത്തർക്കും തയ്യാറാവാം. ***എല്ലാവർക്കും ഈസ്റ്ററിന്റെ മംഗളാശംസകൾ നേർന്നുകൊണ്ടു ഈമാഗസിൻ നിങ്ങൾക്കായി സമർപ്പിക്കുന്നു.***

എന്ന്,

**ഷിബു മാത്യു**

# Message from the Chaplain



**Fr Joy Thottamkara C.Ss.R**
**Chaplain, Syro Malabar Catholic Mission Auckland**

***"I have looked upon you in the sanctuary, beholding your power and glory; because your steadfast love is better than life, my lips will praise you. So I bless you as long as I live"***

**Psalm 63: 2-3.**

**Happy Easter to you all !**

We have had wonderful preparations towards Easter.

Ash Monday was celebrated with traditional solemnity. Every Friday, during the lent, we had Holy Qurbana, Way of the Cross and adoration of the Blessed Sacrament. Every Sunday we had special reflections as part of our Lenten preparations. Catechism children had prayers during their assembly. We had our annual retreat. The retreat was a touching experience to everyone who attended it. You have participated in all the programmes so actively and received God ' s abundant blessings and so, we have every reason to be happy at Easter.

The Syro-Malabar Mission has a clear vision and it is well expressed in the vision statement. *" We, the Syro-Malabar Catholic Mission New Zealand, take every step to live our Christian Vocation as handed over to us through St. Thomas, the Apostle of Jesus Christ, with its own particular characteristics expressed in worship, spirituality, theology and disciplinary laws, to unite all the Syro-Malabar faithful in New Zealand under the hierarchical order of the Syro-Malabar Community and handover the same faith and tradition to our children. "*

Reflection on the Vision Statement would explain to you why we do what we do. All our activities are meant to live our Christian vocation as handed over to us through St. Thomas, our Father in faith. We live in a culture devoid of any kind of religious belief. There are many challenges against faith. There is easy tendency to be absorbed into the Western Culture. In this context, the Mission has great significance. I take this opportunity to thank everyone who make generous contributions to keep this Mission going.

*Our Bulletin, RAINBOW,* is coming out after a long gap. I wish all the best to the new editorial team who has taken up this challenging task. I urge you to give them whole hearted support.

*May God Bless you all.*



**Pope Benedict XVI**

## The Holy Father's Lenten Message 2012 , (An abstract)

The pivotal point of the Holy Father's message for Lent 2012 was drawn from the bibical passage *"Letter to the Hebrew"s, "Let us be concerned for each other, to stir a response in love and good works " (Heb 10:24 ).* The Pope exhorted all the Christians to reflect upon the very heart of Christian Life which is charity, and reaffirmed the importance of renewing the journey of faith, both as individuals and as a community, with the help of the word of God and the sacraments by praying, sharing, silence and fasting.

## *Commission for Evangelisation and Pastoral Care of Migrants*

**Chairman, Migrants' Commission**

### Syro Malabar Catholic Mission

### Auckland, New Zealand

I am happy to learn that the Syro Malabar Catholic Mission at Auckland, New Zealand, is planning to publish a bulletin on regular basis for sharing the news and important developments in the centre. Let us thank God Almighty for his blessings on the Syro Malabar Catholic Mission Auckland in the past years of its existence. I congratulate you and wish that the Syro Malabar Mission in Auckland to be a dynamic expression of the missionary zeal of the Syro Malabar Catholic Church in New Zealand and in the universal church at large.

This year, *the Syro Malabar Church is celebrating Mission Year from 15 Aug 2011-12 Aug 2012*.The Mission Year has been declared in the context of the golden jubilee of Chanda Mission, the first mission area of the Syro Malabar Church outside Kerala. The celebration of the Mission should help every member of the Syro Malabar Church to renew his/her commitment to the gospel. As St Thomas, the Apostle, bore living witness to the gospel in the distant land of India, all of you are called to bear powerful witness to Christ in life and action in your place of settlement. My prayers are always with you all as you travel to fulfill your God given mission on earth.

May the publication of the bulletin be an occasion for enhancing the unity and missionary commitment of the members. I pray that God bless the parish priest, and all the faithful in it with abundant graces. May it continue to be a true family living in joy, a community built on deep friendship and charity, "*drawn into intimacy with God by being immersed in the word of God." (DV 78 )*

Felicitating the Syro Malabar Catholic Mission Auckland on its noble endeavour.

Bishop Sebastian Vadakel mst
Chairman,
Syro-Malabar Major Archiepiscopal
Commission for Evangelization and Pastoral Care of Migrants

Commission for Evangelization
& Pastoral Care of the Migrants
Syro Malabar Major Archiepiscopal Church
Mt St. Thomas, P.B. 3110, Kakkanad
Kochi-682 030, Kerala, INDIA

# Mother's Love



**Beautiful, caring, kind, nurturing, loving , patient, unconditional……..**

***In our triumphs and in our failures, our mothers are there with their unwavering faith in us.***

Mothers....how do we describe them?; beautiful, caring, nurturing, kind, unconditional, loving, generous, patient and forgiving. These are only some of the words that could describe a mother. They are like the sun that greets the day; without its life-giving light and warmth, the world would not survive.

For those of us out there who assumed that it was a band-aid that helped heal our wounds, we are mistaken. It was none other than our mother ' s tender love and care that mended our bruise and relieved our excruciating pain.

In our triumphs and in our failures, our mothers are there with their unwavering faith in us. They are right behind us, supporting all our efforts. Like an enchanted cheerleader, they appreciate and cheer our every effort.

Mothers are the ones who granted us the gift of life. It is our choice to make something good of it.

**MAKE YOUR MOTHER PROUD!!!**

***Glory Clement***

# Easter



Jesus died for each of us

God ' s son, the holy Jesus

On the cross, His sacrifice

Came from His love

The pouring blood,

The continuing pain,

His painful death

People thought He was insane!

***Ann Mary Jose***

# Let He Who Has Not Sinned Throw the First Stone (John 8:7)



***Don't Judge Others !***

***How many of you have not cheated on each other ?***

***How many of you can say that you have done no wrong ?***




The first glimpse of the new dawn spread its rays of warmth over the awakening village. Slowly, the blissful morning silence was giving way to sounds of the villagers getting on to their day's work; the farmers setting out to the fields with their cattle, the women commencing their household chores, and the little children playing.

While the men were tending their farms, one man "John" snuck aside to commit a heinous crime; he was planning to steal his neighbour's farm equipment to improve his own farm. However, while attempting to enter his neighbour's shed, he was caught red-handed by some men passing by.

John was brought before the whole village, a community meeting was held for him to stand trial. Harsh remarks, spiteful whispers and murmurings were heard; as the comments of spite and evil rose into the darkening skies, rain and wind lashed out at the gathering. John begged for mercy and tears streamed down his face. The crowd however, chose to ignore his pleas and continued to torment him with their cruel words.

Seeing the pandemonium, a wise old lady stood up to speak. Slowly but forcefully, she asked the crowd "*How many of you have not cheated on each other* ?"; "*How many of you can say that you have done no wrong ?*" The old woman's questions echoed in the crowd, a long spell of silence followed.....None of the villagers could speak; their heads hung down in shame, for deep down in their hearts they all knew that they had done wrong.

The old lady continued, ***"I think it would only be just and right for us to give this man a second chance, a chance to repent and make his wrongs right.***

At first the people were quiet, then a bit resentful but finally seeing the honesty in the woman's eyes and sensing guilt in their own heart, the villagers forgave John. It only seemed fair that he be given another chance.

John was finally free; he thanked the villagers and promised never to do anything evil again. As for the old lady, she smiled at the change of heart of the villagers and closed her eyes blissfully to hear the soft beating sound of the lightening and rain which were fading away.

Once again, the sun showed its glowing face from among the clouds and spread its rays of light and warmth over the village.

***Riya Koshy***

# Sunday School Report (2008-2011)



The Sunday School for the Syro Malabar Catholic Mission, Auckland, started functioning in its present form from April 2008 at Mt Wellington Catholic Church, with regular classes on each Sunday after the Holy Mass. Initially, we had 4 classes with a total of 40 students. *Fr. Alex Viruthakulangara C.Ss.R.* was the director of the Sunday school and also the chaplain of the Syro-Malabar Mission. We started using the English Catechism text books outsourced from the Kalyan Diocese.

In 2009, we started having 7 classes with roughly 80 students. Five new teachers joined the teaching staff. At the end of the year, we conducted examinations and toppers from each class were given trophies on the Parish Day.

In 2010, we became more structured and organised with 11 classes and more than 100 students. We started using the text book series of the Syro Malabar Church. The most important step we took during this year was to start the classes at 4.00pm, before the Holy Qurbana, thereby ensuring that we get more time to teach and fewer cancellations due to feasts and other celebrations. We also introduced some relievers to replace any teacher who was unable to make it to the class. In June 2010, *Fr. Joy Thottamkara C.Ss.R* became our new chaplain and the Sunday School Director. Fr. Joy got actively involved in all the Sunday School activities and led us effectively.

Presently, we conduct half yearly and annual exams and students are given trophies based on their overall performance in the exams. Also, prizes are given for 100% attendance.

In 2011, we moved to a more convenient and central location at Our Lady of the Sacred Heart Church, Epsom. This enabled us to have better facilities such as the Parish Hall and Community Room for conducting the classes more efficiently. Now, we have 11 classes and 12 teachers.

In June 2011, Bishop Mar Mathew Arackel, the Chairman of the Syro Malabar Laity Commission, visited us. On this joyous occasion, the Sunday School Teachers were honoured with mementos. We also conducted the First Holy Communion and Confirmation for the third time in our Mission.

The highlights of the *Sunday School 2012* include: the Annual Bible Quiz Competition, Talent fest based on Biblical themes and Study of Saints through the programme *"To Sainthood through Saints"*.

The classes commence, every Sunday, at 3.45pm with an assembly led by students. The assembly starts with a hymn invoking the Holy Spirit, followed by prayers and bible reading, and ends with the Catechetical Pledge. Also, the students lead the mass on every second Sunday of the month. The Sunday School Students also lead the rosary during *"Kontha Namskaram"* in October, and also lead the *"Way of the Cross"* held every Friday of the lent. We also actively participate in the Novena devotions for the feast of our Lady of Velankanny at Avondale Church and lead the mass and rosary. This is the biggest feast celebration of Mother Mary in the Auckland Diocese.

We look forward to the opportunity for our year 10/12 students to write the Sunday School Diploma Exams together with their counterparts in Kerala. We also, would like to have a common structure and examination system for all the Syro Malabar Children residing in various parts of New Zealand.

# Legal Column

## Student Migration and the New Changes in Student Instructions

*Education* – the fifth largest export market of New Zealand contributing to more than $2 billion dollars annually. International students are the backbone of NZ ' s Export Education Industry. A few of the top reasons International students come to Study in New Zealand is that it is an English speaking country, the cost of education is much lower than most of the other English speaking countries, job opportunities and the opportunity of applying for and gaining NZ Residence after the course of study, its lifestyle, the security, health and clean environment.

The top two markets for international students are China and India, with India now overtaking China as the greatest source of new students. Up until the new policy changes for Student, it was not a tough journey for the International students to get work and residency after the completion of their course here.

*Changes for International Students from April 2012 :* (1). New students commencing study on or after 2nd April 2012 will need to study towards a recognized NZ qualification of at least 2 academic years to qualify for the Study to Work visas unless the 2-year-course meets the skilled category points and the second is of a higher level than the first or is a one year duration Post-graduate qualification or credit Transferred Bachelor's Degree which if is of one year duration or Any level 7 qualification of at least one year duration. (2). Living expenses for Student visa application increases from $10,000/- to $15,000/- per year for courses 36 weeks or longer, Funds required by partners of student visa holders applying for work visas will be $4,200/-and Funds required by Graduate Job Search Visas will now be $4,200/-

*Why the Changes ?:* The new changes have been bought about to attract more quality and genuine students, help the best and the brightest to stay in New Zealand and contribute to the economic growth. In the last 2 – 3 years, there have been a number of students returning to their home country after spending a huge amount of money and years of study and time here in New Zealand. The reasons are many - unable to get the job of their choice or related to their course of study and experience and hence cannot get a work permit or course of study not under the shortage list of NZ Immigration. India is a huge agent market and with the introduction of the Immigration Advisors Licensing Act, whereby only licensed advisors can give Immigration Advise except for Lawyers, unlicensed agents reverted to the education market fishing out naïve students and their parents, giving them incorrect information about NZ job market and the Immigration Instructions and thereby making easy money. Students come with a dream to settle with a job and then Residency once they complete their course of study. Very few realize these dreams and are forced to return to their home country or take up another course of study and thereby endure a huge expense. Those who realize their dreams have to undergo many hardships - financially, mentally and physically.

*Advice to Students:* Do your homework. Know for sure what you really want from your study in NZ and ensure that your agent or advisor is authorized to give you the correct information regarding studying in NZ, about NZ and is well informed of the NZ Immigration instructions. Be wise enough to select the course after proper consultations and ensure that all your questions are answered.

*If you have any questions about the above, please contact us. All the information above is to the best of the author ' s knowledge, true and accurate. No liability is assumed by the author for any losses suffered by any person relying directly or Indirectly upon this information. It is recommended that a senior representative of the firm is consulted before acting upon this information.*

*Johnson Paul*
*Barrister & Solicitor*

# ആരാണ് എന്റെ അയൽക്കാരൻ?



ആരാണ് എന്റെ അയൽക്കാരൻ ? കാലാകാലങ്ങളായി മനുഷ്യമനസാക്ഷിയെ മഥിക്കുന്ന ഈ ചോദ്യത്തിന് ആദ്യം ഉത്തരം നൽകിയത് യേശുനാഥനാണ്. നല്ല സമരിയാക്കാരന്റെ ഉപമയിലൂടെ. സർവ്വശ്രേഷ്ഠമായ കൽപനയേതെന്നു ചോദിച്ച നിയമജ്ഞനോട്, നിയമത്തിൽ എന്തുപറഞ്ഞിരിക്കുന്നു? എന്ന് ഈശോ ചോദിച്ചു, ***"നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം. നിന്റെ അയൽക്കാരനെ നിന്നെപ്പോലെയും"*** നിയമജ്ഞൻ മറുപടി പറഞ്ഞു. സ്വയം ന്യായീകരിക്കാൻ ശ്രമിച്ച നിയമജ്ഞൻ ചോദിച്ച "ആരാണ് എന്റെ അയൽക്കാരൻ" മറുപടിയായി ഈശോ ഈ ഉപമ പറഞ്ഞു.

ജറുസലേമിൽ നിന്നും ജെറിക്കോയിലേയ്ക്കുള്ള യാത്രാമദ്ധ്യേ കവർച്ചക്കാരാൽ മർദ്ദിച്ചവശനാക്കപ്പെട്ട് വഴിയരുകിൽ തളർന്നുകിടന്നിരുന്ന ഒരു മനുഷ്യനെ കണ്ടിട്ടും, ആ വഴി വന്ന ഒരു യഹൂദ പുരോഹിതനും ലേവായനും മുഖം തിരിച്ച് കടന്നുപോയി. എന്നാൽ പിന്നീടു വന്ന വിജാതീയനായ ഒരു സമരിയാക്കാരൻ അർദ്ധപ്രാണനായി വഴിയരുകിൽ കിടന്നിരുന്ന ആ യഹൂദന്റെ അടുത്തുചെന്ന് അവനെ പരിചരിക്കുകയും, അടുത്തുള്ള സത്രത്തിൽ കൊണ്ടുചെന്ന് 2 ദിനാറ നൽകി അവന്റെ കാര്യങ്ങൾ എല്ലാം നോക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. യഹൂദരും സമരിയാക്കാരും വർഗ്ഗശത്രുക്കളായിരുന്നിട്ടും ആപത്തിൽപ്പെട്ട ആ മനുഷ്യന് നല്ല അയൽക്കാരനായി തീർന്നത് സ്വജാതിയിൽപെട്ട പുരോഹിതനോ ലേവായനോ അല്ല മറിച്ച് വിജാതീയനായ സമരിയാക്കാരനാണ്.

ഇന്ന് നാമോരോരുത്തരും നമ്മോടു തന്നെ ചോദിക്കേണ്ടിയിരിക്കുന്നു- "ആരാണ് എന്റെ അയൽക്കാരൻ"? ഞാൻ ഒരു നല്ല അയൽക്കാരനാണോ? ഒരു നല്ല സമരിയാക്കാരനാണോ? അതോ മുഖം തിരിച്ച് കടന്നുപോയ യഹൂദപുരോഹിതന്റേയും ലേവായന്റേയും മനോഭാവമാണോ എന്നെ ഭരിക്കുന്നത്?

***ജീവിത വ്യഗ്രതകൾക്കിടയിൽ സ്വയം ഉൾവലിഞ്ഞ് നമ്മുടെ ചുറ്റുപാടുമുള്ള വേദനയനുഭവിക്കുന്നവരുടേയും അശരണരുടേയും കണ്ണുനീർ കണ്ടില്ലെന്നു നടിക്കുമ്പോൾ, നാം ആ യഹൂദപുരോഹിതന്റേയും, ലേവായന്റേയും ഗണത്തിൽപ്പെടുന്നു.*** നേരേമറിച്ച് നമ്മുടെ സമയത്തിന്റേയും സമ്പത്തിന്റേയും ഒരോഹരി, അത് ആവശ്യമുള്ളവർക്കു വേണ്ടി മാറ്റിവയ്ക്കുമ്പോൾ നാം നല്ല അയൽക്കാരനായിത്തീരുന്നു.

നമുക്കും തീരുമാനിക്കാം നല്ല അയൽക്കാരനായി മാറുവാൻ. 'ആരാണ് എന്റെ അയൽക്കാരൻ' എന്നു ചിന്തിക്കുന്നതിലുപരിയായി "ആർക്കാണ് ഞാൻ അയൽക്കാരനായി തീരേണ്ടത്" എന്നു ചിന്തിക്കുന്നതാകും കൂടുതൽ ഉചിതമെന്നെനിക്കു തോന്നുന്നു. ഈ നോമ്പുകാലത്ത് നമുക്കും ഒരു പ്രതിജ്ഞയെടുക്കാം- ഞാൻ നല്ല അയൽക്കാരനായി തീരും, അങ്ങനെ ഈ ലോകത്തെ കൂടുതൽ സുന്ദരമാക്കും.

**RAJI CHACKO**

# ഭരണങ്ങാനത്തിന്റെ ചെറുപുഷ്പം




വിശുദ്ധ അൽഫോൻസാ

ഭരണങ്ങാനത്തിന്റെ ചെറുപുഷ്പം നീ
ഭാരതസഭയുടെ ഭാഗ്യപുഷ്പം,
കേരളനാടിന്റെ പുണ്യപുഷ്പം നീ,
കർത്താവിൻ തോട്ടത്തിൽ സഹനപുഷ്പം!

ഈ ലോകജീവിതം തൃണവൽരൂപമായ്
ഞങ്ങൾക്കു കാട്ടിയ പുണ്യവതി,
അനശ്വരപൊൻകിരീടം നേടാനായെന്നും
ഞങ്ങൾക്കായ് പ്രാർത്ഥിക്കൂ അൽഫോൻസാമ്മേ,

അമ്മതൻ ലാളനം നീയറിഞ്ഞില്ല,
അച്ഛന്റെ സ്നേഹവും നീയറിഞ്ഞില്ല,
പരമപിതാവിന്റെ സ്നേഹസാഗരം
പരിധികൾ ഇല്ലാതെ നീയറിഞ്ഞു!

ദേഹത്തിൻ ഇച്ഛകൾ നീ വെടിഞ്ഞു
ദേഹിതൻ മോഹമോ നീ അറിഞ്ഞു
ദേഹത്തെ ദേഹിക്കായ് ബലിയണച്ചു
ദൈവത്തിൻ ദാസിയായ് തല കുനിച്ചു!

രോഗകിടക്കയെ മലർമെത്തയാക്കി നീ
രോഗങ്ങൾ എല്ലാം കൈനീട്ടി വാങ്ങി
രോഗികൾക്കെന്നെന്നും ആശ്വാസദീപമായ്
ദർശനം നൽകണേ അൽഫോൻസാമ്മേ,

സഹനത്തിൻ തീച്ചൂളയിൽ നീ
ശലഭമായ് വെന്തെരിഞ്ഞു,
സഹനത്തിൻ പാതയിൽ കൂട്ടായിരിക്കണേ,
സാന്ത്വനമാകണേ, അൽഫോൻസാമ്മേ,

ലോകസുഖങ്ങൾ മാടിവിളിച്ചപ്പോൾ
ലോകർ സൗഭാഗ്യം വാരിചൊരിഞ്ഞപ്പോൾ,
ഗോൽഗോത്തായിലെ ക്രൂശിതരൂപത്തെ
ഗാഢം പുണർന്നു നീ ആശ്വസിച്ചു!

നാഥന്റെ കുരിശിനെ ആശ്ലേഷിച്ച്,
സ്വന്തം കുരിശും വഹിച്ചുകൊണ്ട്,
നാഥന്റെ സഹനങ്ങൾ പങ്കുവച്ച്
നാഥന്റെ സ്വന്തമായ് തീർന്നവൾ നീ,

സ്നേഹത്തിൽ മാത്രം നീ ജപിച്ചു
സഹനത്തിൻ അങ്കി നീ അണിഞ്ഞു
പ്രാർത്ഥനാ മലരുകൾ കൈയ്യിലേന്തി,
ക്രിസ്തുവിൻ മണവാട്ടിയായ് മാറി!

പ്രശോഭിതേ, പ്രസന്നവതീ,
പ്രലോഭനങ്ങളെ ജയിച്ചവളേ,
പ്രാർത്ഥിക്കൂ ഞങ്ങൾക്കായ് എന്നും അമ്മേ, പാപികൾ ഞങ്ങളെ അനുഗ്രഹിക്കൂ........

ചിന്നു കെ. തോമസ്

# ഭരണങ്ങാനം ഭാരത ലിസ്യു - ചരിത്രത്താളിൽ

കുണുങ്ങിയൊഴുകുന്ന മീനച്ചിലാറിന്റെ തീരത്ത് തലയുയർത്തി നിൽക്കുന്ന ഭരണങ്ങാനത്തിന് പറയുവാൻ ഒത്തിരികഥകളുണ്ട്. ചരിത്ര ഇതിഹാസങ്ങൾ കുടികൊള്ളുന്ന ഭരണങ്ങാനം ഒരുപിടി നല്ല സംസ്കാരത്തിന്റെ ഉറവിടമാണ്.

ഭരണങ്ങാനത്തെ ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിന് 5000 വർഷത്തിലേറെ പഴക്കമുണ്ടെന്ന് പറയപ്പെടുന്നു. കേരളത്തിലെ പ്രാചീന ക്രൈസ്തവ കേന്ദ്രങ്ങളിലൊന്നായ ഭരണങ്ങാനത്തേക്ക് എ.ഡി. നാലാം നൂറ്റാണ്ടുമുതൽ വിവിധ ശതകങ്ങളായി, കൊടുങ്ങല്ലൂർ, വടക്കൻപറവൂർ, കടുത്തുരുത്തി, കുറവിലങ്ങാട്, നിലയ്ക്കൽ തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് ക്രൈസ്തവ കുടിയേറ്റവും വിവിധ നൂറ്റാണ്ടുകളിലായി പന്നിയൂർ, ഇരിങ്ങാലക്കുടി, ഇടപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ഹൈന്ദവ കുടിയേറ്റവുമുണ്ടായിട്ടുണ്ട്.

1004 ഓഗസ്റ്റ് 15-ന് മാതാവിന്റെ നാമത്തിലുള്ള പള്ളിയുടെ ശിലാസ്ഥാപനകർമ്മത്തിനായുള്ള കല്ല് ആനക്കല്ലു പുരയിടത്തിൽ വച്ചതുകൊണ്ടോ, അന കല്ലുകൊണ്ടുപോയിവച്ച സ്ഥാനത്ത് പള്ളിവച്ചതുകൊണ്ടോ, ആണ് ഭരണങ്ങാനം പള്ളിക്ക് ''ആനക്കല്ലുപള്ളി'' എന്ന പേരുകൂടിയുണ്ട്. ഇപ്പോഴുള്ള പള്ളി നാലാമത്തേതാണ്. രണ്ടാമത്തെ പള്ളി 14-ാം നൂറ്റാണ്ടിൽ ഹൈന്ദവ മാതൃകയിലും 3-ാംമത്തെ പള്ളി 16-ാം നൂറ്റാണ്ടിൽ പോർട്ടുഗീസ് ശില്പമാതൃകയിലും പണിതു. ഇന്നുള്ള കുരിശുമാതൃകയിൽ ഗോഥിക്ക് ശില്പമാതൃകയിലുള്ള പള്ളിപണി പൂർത്തിയായത് 1928-ലാണ്. ഭരണങ്ങാനം പള്ളിയിലെ വി. സെബാസ്റ്റ്യാനോസിന്റെ തിരുസ്വരൂപം 14-ാം നൂറ്റാണ്ടിൽ നിലയ്ക്കലിൽനിന്നും ഭരണങ്ങാനത്തേക്കും കുടിയേറിയവർ കൊണ്ടുവന്നതാണെന്നും അത് 13-ാം നൂറ്റാണ്ടിൽ നിർമ്മിക്കപ്പെട്ടതാണെന്നും കരുതപ്പെടുന്നു.

***1890-ൽ ഭരണങ്ങാനംപള്ളി ഫൊറോനപള്ളിയായി ഉയർത്തപ്പെട്ടു.*** കേരളത്തിൽ ആദ്യമായി വൈദികമന്ദിരം ഉണ്ടായത് ഭരണങ്ങാനത്താണ്. കേരളത്തിലെ പള്ളികളിൽ ആദ്യം പൊന്നിൻകുരിശുണ്ടായത് ഭരണങ്ങാനത്താണ്. സീറോമലബാർ സഭയിൽ ആദ്യമായി കപ്പൂച്ചിൻ ആശ്രമമുണ്ടായതും ഭരണങ്ങാനത്തെ അസീസിയിലാണ്. ***ഏഷ്യയിലെ അത്മായപ്രേഷിത സംഘടനയായ ചെറുപുഷ്പമിഷൻലീഗ് ആരംഭിച്ചത് ഭരണങ്ങാനത്താണ്.*** ഭരണങ്ങാനത്ത് ക്ലാരമഠം ആരംഭിച്ചത് 1910-ൽ ആണ്. അൽഫോൻസാമ്മയുടെ പുണ്യപൂർണ്ണതയ്ക്ക് നിദാനമായത് ഈ ക്ലാരമഠമാണ്.

***എ.ഡി. 1004-ൽ ഭരണങ്ങാനം പള്ളിസ്ഥാപനത്തിന് മുൻകൈയെടുത്ത 5 കുടുംബങ്ങളിൽ ഒന്നായ ചുണ്ടയിൽ കുടുംബാംഗമാണ് അൽഫോൻസാമ്മ.*** ഇടമറ്റംകാരായ ചുണ്ടയിൽ കുടുംബത്തിന്റെയും ഇടവക ഭരണങ്ങാനമായിരുന്നു. ഇടമറ്റംപള്ളി സ്ഥാപിതമായത് പിന്നീടാണ്. ഇടമറ്റത്തുനിന്നും കുടിയേറിപ്പോയ ചുണ്ടയിൽ കുടുംബം കുടമാളൂരെത്തിയപ്പോൾ മുട്ടത്തുപാടമെന്നായി വീട്ടുപേര്. 1910-ൽ ഓഗസ്റ്റ് 9-ന് അൽഫോൻസാമ്മയായ അന്നക്കുട്ടി മുട്ടത്തുപാടത്തു ജനിച്ചു. സഹനത്തിന്റെ പുത്രിയായ അൽഫോൻസ തന്റെ കന്യാലയ ജീവിതത്തിനായി ഭരണങ്ങാനത്തേക്ക് വന്നത് ദൈവപരിപാലനയുടെ പ്രത്യേക രഹസ്യമായി നമുക്ക് കാണാം. ക്ലാരമഠത്തിന്റെ 4 ഭിത്തിക്കുള്ളിൽ നിന്നുകൊണ്ട് അല്ല, തന്റെ മുറിയുടെ നാല് ചുമരിനപ്പുറം പോവാനാവാതെ കഷ്ടപ്പെട്ട അൽഫോൻസാ തന്റെ സഹനത്തിലൂടെ മണവാളനായ യേശുവിന് എല്ലാം സമർപ്പിച്ച് പ്രാർത്ഥനാ ജീവിതം കഴിച്ചു. ആരെയും വേദനിപ്പിക്കാനാഗ്രഹിക്കാതിരുന്ന അൽഫോൻസാമ്മ തന്റെ എല്ലാ സഹനങ്ങളും കുരിശിലെ ഈശോയ്ക്കൊപ്പം സമർപ്പിച്ചു.

***1946 ജൂലൈ 28-ന് അൽഫോൻസാമ്മ ഇഹലോകവാസം വെടിഞ്ഞ് സ്വർഗ്ഗത്തിലേക്ക് യാത്രയായി.*** ആ പുണ്യവതിയുടെ ശ്രാദ്ധദിനമായ അന്നേദിവസം ഇടമറ്റം സ്കൂളിൽനിന്ന് ഞങ്ങൾ കുട്ടികൾ വളരെ ചെറുപ്പം മുതലേ കാൽനടയായും തോണികയറിയും ഭരണങ്ങാനത്തെത്തി പ്രാർത്ഥിച്ചിരുന്നത് വലിയ ജീവിതാനുഭവമായിരുന്നു. കുട്ടികളെ സ്നേഹിച്ചിരുന്ന, കുട്ടികൾക്ക് നന്മ പറഞ്ഞുകൊടുത്തിരുന്ന കുട്ടികളെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചിരുന്ന അൽഫോൻസാമ്മയോട് നമുക്ക് പ്രാർത്ഥിക്കാം.

***ഭാരതത്തിന്റെ അഭിമാനമായ വിശുദ്ധ അൽഫോൻസാമ്മയുടെ അസാധാരണ അനുഗ്രഹങ്ങളുടെ സജീവരംഗമെന്ന നിലയിൽ ഭരണങ്ങാനത്തിന്റെ മഹത്വം അസാധാരണമാണ്.*** ലിസ്യുവിലെ ചെറുപുഷ്പമായ വി. കൊച്ചുത്രേസ്യായുടെ കീർത്തി ലോകം ശരിക്കും മനസിലാക്കുന്നതിന് സംവത്സരങ്ങൾ പിടിച്ചു. എന്നാൽ, അൽഫോൻസാമ്മ ചരമംപ്രാപിച്ച് രണ്ടു മാസത്തിനകം അവളുടെ സുകൃതപരിമളം ഒഴുകിതുടങ്ങി. കുട്ടികളാണ് ആദ്യമായി അൽഫോൻസാമ്മയോടുള്ള പ്രാർത്ഥനയുടെ ശക്തി മനസിലാക്കിയത്. അവരെന്നും പ്രാർത്ഥിച്ചിരുന്നു.

അൽഫോൻസാമ്മെ പ്രാർത്ഥിക്കണെ ......ഞങ്ങളെ പരീക്ഷയിൽ ജയിപ്പിക്കണെ........

***അങ്ങനെ ഭരണങ്ങാനം ഭാരതലിസ്യുവായി***

**സിൻസി മനീഷ് ജോസഫ്**

# Events





Inauguration of the Sunday School Academic Year 2012 by Redemptorist Provincial of the Liguori Province, Fr. Joy Poonoly C.Ss.R.



Sunday School Christmas Celebrations and Award Function 2011

ഓക്‌ലാന്റ് സീറോമലബാർ കാത്തലിക് മിഷനെ സംബന്ധിച്ചിടത്തോളം, വളരെ നിർണ്ണായകമായ ഒരു വർഷമാണ് കടന്നുപോയത്. ദൈവപരിപാലനയുടെ അത്ഭുത ശക്തി പ്രകടമായ ഈ കാലയളവിൽ നമ്മുടെ മിഷൻ വളർച്ചയുടെ ഒത്തിരി പുത്തൻ പടവുകൾ പിന്നിട്ടു. 2011 ഫെബ്രുവരി 6-ാം തീയതി. Epsom പള്ളിയിലേയ്ക്ക് പറിച്ചു നടപ്പെട്ട നമ്മുടെ മിഷൻ കാറ്റും കോളും നിറഞ്ഞ ഭൗതീക സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ടാണ് അതിജീവനത്തിന്റെ വഴി തിരഞ്ഞെടുത്തത്. നമ്മുടെ സമൂഹത്തിന്റേതുപോലെ സജീവവും ചലനാത്മകവുമായ ആരാധനാ രീതികളോട് പൊരുത്തപ്പെടുവാനും, നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായ പാരമ്പര്യങ്ങളോട് യോജിച്ചു പോകുവാനും, ഇവിടുത്തെ സമൂഹം, തുടക്കത്തിൽ വിമുഖത പ്രകടിപ്പിച്ചുവെങ്കിലും, നമ്മുടെ പ്രാർത്ഥനയുടേയും കൂട്ടായ്മകളുടേയും ഫലമായി അവയെല്ലാം ഒരുപരിധിവരെ മറികടക്കുവാൻ നമുക്കു സാധിച്ചു.

ഈസ്റ്ററിനോടനുബന്ധിച്ച് നോയമ്പുകാലത്ത് നടത്തപ്പെട്ട വാർഷികധ്യാനമായിരുന്നു കഴിഞ്ഞവർഷത്തെ നമ്മുടെ ആദ്യത്തെ മുഖ്യപരിപാടി. വൈത്തരി ദിവ്യരക്ഷക ആശ്രമ ഡയറക്ടർ ഫാ. ജയ്സൺ തുണ്ടത്തിൽന്റെ നേതൃത്വത്തിൽ നടത്തിയ ധ്യാനം നമ്മുടെ സമൂഹത്തിൽ വലിയ ആത്മീയ ഉണർവ്വു നൽകുകയും ഭിന്നതകൾ നീക്കി ഏകമനസ്സോടെ മുന്നോട്ടു പോകുവാനുള്ള പ്രചോദനം നൽകുകയും ചെയ്തു.

അങ്ങേയറ്റം ഭക്തിസാന്ദ്രവും ആത്മീയചൈതന്യം തുളുമ്പുന്നതുമായിരുന്നു കഴിഞ്ഞവർഷത്തെ, വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങൾ. വെഞ്ചരിച്ച കുരുത്തോലകൾ വഹിച്ചുകൊണ്ടുള്ള ഓശാനഞായറാഴ്ചത്തെ പ്രദക്ഷിണം നമ്മിൽ പലർക്കും ഗൃഹാതുരത്വത്തിന്റെ ഓർമ്മയുണർത്തുന്നതുമായിരുന്നു. **പെസഹാ വ്യാഴാഴ്ചത്തെ കാൽകഴുകൽ ശുശ്രൂഷ, അപ്പം മുറിക്കൽ, ദുഃഖവെള്ളിയാഴ്ച തിരുക്കർമ്മങ്ങൾ, കുരിശിന്റെ വഴി എന്നിവയെല്ലാം വൻജനാവലിയുടെ സാന്നിദ്ധ്യത്തിലാണ് നടത്തപ്പെട്ടത്. 14 സ്ഥലങ്ങളും നിശ്ചലദൃശ്യങ്ങളിലൂടെ പുനരവതരിക്കപ്പെട്ട് നടത്തിയ കുരിശിന്റെവഴി വലിയ ദൈവാനുഭവമാണ് പ്രദാനം ചെയ്തത്. തുടർന്നു നൽകിയ നേർച്ചകഞ്ഞി ഏതാണ്ട് 750-ഓളം പേർ ഭക്ഷിച്ചു തൃപ്തരായി.**

നമ്മുടെ മിഷനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമായ ഒരു സംഭവമായിരുന്നു, സീറോമലബാർ അൽമായ കമ്മീഷൻ സന്ദർശനം. കഴിഞ്ഞവർഷം മെയ് 1 മുതൽ 6 വരെ തീയതികളിൽ അൽമായ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ മാത്യു അറയ്ക്കലും, സെക്രട്ടറി ശ്രീ വി.സി. സെബാസ്റ്റ്യനും ഇവിടെ എത്തിച്ചേരുകയും, ന്യൂസിലന്റിലെ വിവിധ സ്ഥലങ്ങളിലുള്ള സമൂഹങ്ങളുമായി ബന്ധപ്പെടുകയും, അൽമായ കമ്മീഷൻ പ്രവർത്തനങ്ങളെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്തു. ഇതോടനുബന്ധിച്ച് നമ്മുടെ ഇടവകദിനവും തിരുനാളും ആഘോഷിച്ചതിനോടൊപ്പം തന്നെ 13 കുട്ടികളുടെ ആദ്യകുർബാന സ്വീകരണവും, സ്ഥൈര്യലേപനവും, നടത്തപ്പെടുകയുണ്ടായി. നമ്മുടെ കൂട്ടായ്മയുടേയും, ഒത്തൊരുമയുടേയും മകുടോദാഹരണമായിരുന്നു തിരുനാൾ ആഘോഷങ്ങൾ. സമ്പന്നമായ നമ്മുടെ പൈതൃകത്തിന്റേയും ആചാരങ്ങളുടേയും വിളംബരവേദികൂടിയായി എന്നത് പ്രത്യേകം പ്രസ്താവാർഹമാണ്. നമ്മുടെ പ്രവർത്തനങ്ങളെ അൽമായ കമ്മീഷൻ മുക്തകണ്ഠം പ്രശംസിക്കുകയും നമ്മുടെ വളർച്ചയ്ക്കായി സീറോമലബാർ മെത്രാൻ സിനഡിന്റെ എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്യുകയുമുണ്ടായി. അൽമായ കമ്മീഷന്റെ മുഖപത്രത്തിൽ നമ്മുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള തുടർച്ചയായ റിപ്പോർട്ടുകൾ നമുക്കുള്ള അംഗീകാരവും മാതൃസഭയ്ക്ക് നമ്മോടുള്ള കരുതലിന്റെ അടയാളവുമാണ്.

**ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 65-ാം വാർഷികം ആഗസ്റ്റ് 15 ഞായറാഴ്ച നമ്മൾ പ്രൗഢഗംഭീരമായി ആഘോഷിച്ചു.** സർവ്വാഭരണവിഭൂഷിതയായ ഭാരതാംബയും ഇന്ത്യൻപതാക കൈയ്യിലേന്തിയ കൊച്ചുകുട്ടികളും ചടങ്ങിനു മോടി കൂട്ടി. ദേശീയപതാക പ്രദക്ഷിണമായി കൊണ്ടുവന്ന് അൾത്താരയിൽ സ്ഥാപിച്ച് നമ്മുടെ മാതൃരാജ്യത്തോട് നമുക്കുള്ള ഭക്തിയും സ്നേഹവും നാം പ്രകടിപ്പിച്ചു.

സെപ്റ്റംബർ മാസാരംഭത്തിൽ അവന്റയിൽ പള്ളിയിൽ വച്ചുനടത്തപ്പെടുന്ന വേളാങ്കണ്ണി മാതാവിന്റെ നൊവേന ആഘോഷങ്ങളിൽ ഇദംപ്രഥമമായി സീറോമലബാർ കമ്മ്യൂണിറ്റിയെ പ്രതിനിധീകരിച്ച് നമ്മുടെ സൺഡേ സ്കൂൾ കുട്ടികൾ പങ്കെടുക്കുകയും ജപമാല അർപ്പിക്കുകയും ചെയ്തു. തുടർന്ന് നടന്ന പരിശുദ്ധകുർബാനയിൽ നമ്മുടെ ചാപ്ലിൻ ഫാ. ജോയി മുഖ്യകാർമ്മികനായിരുന്നു. നമ്മുടെ കുട്ടികളുടെ പങ്കാളിത്തവും, ഭക്തിയും പൂർണ്ണതയും നിറഞ്ഞ പ്രാർത്ഥനകളും, സംഘാടകരുടെ മുഴുവൻ അത്ഭുതാദരങ്ങൾ നേടിയെടുത്തു.

**ഒക്ടോബർ മാസത്തിൽ ശൈത്യകാല അവധിക്കാലത്തെ ആഘോഷമായ 10 ദിവസത്തെ കൊന്തനമസ്കാരം നമ്മുടെ പാരമ്പര്യത്തിന്റേയും പൈതൃകത്തിന്റേയും മറ്റൊരു നേർക്കാഴ്ചയായിരുന്നു.** എല്ലാ ദിവസവും മലയാളത്തിൽ കുർബാനയും ജപമാലയും പരിശുദ്ധകുർബാനയുടെ ആരാധനയും നടത്തപ്പെട്ടു. നൂറുകണക്കിനുപേർ ദിവസംതോറും തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത് മാതാവിന്റെ മാധ്യസ്ഥതയിലൂടെ ദൈവാനുഗ്രഹം പ്രാപിച്ചു

contd……..

ക്രിസ്മസ്-പുതുവത്സര ആഘോഷങ്ങൾക്ക് ഭൗതീക സാഹചര്യങ്ങളിലെ അപര്യാപ്തത ഒരൽപ്പം മങ്ങലേൽപിച്ചുവെങ്കിലും ആത്മീയ ചൈതന്യത്തിന് ഒട്ടും കുറവനുഭവപ്പെട്ടില്ല എന്നതാണ് വസ്തുത. മലയാളി സമാജത്തിന്റെ ക്രിസ്മസ് ആഘോഷങ്ങളിലും നമ്മുടെ മിഷൻ അഭിമാനകരമായ രീതിയിൽ പങ്കെടുക്കുകയും ഏവരുടേയും പ്രശംസ പിടിച്ചു പറ്റുകയും ചെയ്തു.

***നമ്മുടെ സഭയുടെ അപ്പസ്തോലിക പാരമ്പര്യത്തിന്റെ മുഖ്യകണ്ണിയായ വിശുദ്ധ തോമാശ്ലീഹായുടെ തിരുനാളും ഭാരതത്തിലെ ആദ്യത്തെ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളും നാം ഭക്ത്യാദരപൂർവ്വം കൊണ്ടാടുകയുണ്ടായി.*** സഭയിലെ മറ്റു മുഖ്യതിരുനാളുകളും ആഘോഷങ്ങളും ഒട്ടും മുടക്കം വരാതെ നാം ആഘോഷിച്ചു. കൂടാതെ സീറോമലബാർസഭ ആഗോളതലത്തിൽ ആചരിക്കുന്ന പ്രേഷിതവർഷത്തിന്റെ പ്രവർത്തനങ്ങളിൽ നമുക്കാകുംവിധം നാം പങ്കെടുക്കുകയും വലിയ സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

വരുംകാലങ്ങളിൽ നമ്മുടെ മിഷനു നേതൃത്വം നൽകേണ്ട യുവതലമുറയെ ദൈവിക ചൈതന്യത്തിൽ വാർത്തെടുക്കുന്നതിനുള്ള പരിശ്രമങ്ങളുടെ ഭാഗമായി യുവജനകൂട്ടായ്മയും പ്രാർത്ഥനകളും ധ്യാനങ്ങളും കഴിഞ്ഞവർഷം നടത്തപ്പെട്ടു. കൊന്തനമസ്കാരത്തിലും മറ്റുപ്രവർത്തനങ്ങളിലും യുവജനങ്ങൾ കാണിക്കുന്ന താത്പര്യം പ്രത്യേകം എടുത്തു പറയേണ്ടതാണ്. കൂടുതൽ യുവാക്കൾ യൂത്ത്ഗ്രൂപ്പ് പ്രവർത്തനങ്ങളിലേയ്ക്ക് കടന്നുവരേണ്ടതാണ്. മാതാപിതാക്കളുടെ സജീവമായ താത്പര്യം ഈ മേഖലയിൽ ഉണ്ടാകുകയും ചെയ്യണം.

നമ്മുടെ മിഷന്റെ ഏറ്റവും പ്രധാനമായ പ്രവർത്തനമേഖലകളിലൊന്നാണ് സൺഡേസ്കൂൾ. ഏതാണ്ട് 120-തോളം കുട്ടികളുമായി വളരെ സജീവമായും ക്രമീകൃതമായും പ്രവർത്തിക്കുന്ന സൺഡേസ്കൂളിനെ സംബന്ധിച്ചിടത്തോളം വളരെയേറെ നേട്ടങ്ങൾ കൊയ്ത ഒരുവർഷമാണ് കടന്നുപോയത്. ടാലന്റ് ഫെസ്റ്റും, ബൈബിൾ ക്വിസും, വിശുദ്ധരെക്കുറിച്ചുള്ള പഠനവും അർദ്ധവാർഷിക-വാർഷികപരീക്ഷകളും ക്രിസ്മസ് ആഘോഷവുമെല്ലാം കുട്ടികളുടെ പൂർണ്ണ പങ്കാളിത്തവും സഹകരണവുംകൊണ്ട് സമ്പന്നമായിരുന്നു

***നമ്മുടെ ഈ പ്രവർത്തനങ്ങളിലെല്ലാം നായകത്വം വഹിക്കുന്ന ചാപ്ലിൻ ഫാ. ജോയി തോട്ടങ്കരയെ നന്ദിയോടെ സ്മരിക്കുന്നു.*** അദ്ദേഹത്തിന്റെ സന്തതസഹചാരികളായി കൂടെയുള്ള ട്രസ്റ്റിമാർ, പാരീഷ് കൗൺസിൽ അംഗങ്ങൾ, സൺഡേസ്കൂൾ അധ്യാപകർ എന്നിവർ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. സ്വന്തമായി ഒരു ദേവാലയം എന്ന ലക്ഷ്യത്തിലേക്ക് മുന്നേറാൻ സർവ്വേശ്വരൻ നമ്മെ അനുഗ്രഹിക്കട്ടെ.

**RAJI CHACKO**




## " കൊന്തമണികൾ ഉരുളുമ്പോൾ..."

പതിവുപോലെ ബൈബിളെടുത്ത് സുഭാഷിതങ്ങളിലൂടെ മിഴികളോടിച്ചപ്പോൾ മനസ്സിൽ ഉടക്കിയ ചില വാക്യങ്ങൾ ഈ കാലഘട്ടത്തിൽ നമുക്ക് ഓരോരുത്തർക്കും നൽകുന്ന ഒരു താക്കീതാണെന്നു തോന്നിപ്പോയി.

***"പിതാവിനെ പരിഹസിക്കുകയും അമ്മയെ അവജ്ഞയോടെ ധിക്കരിക്കുകയും ചെയ്യുന്നവന്റെ കണ്ണ് മലങ്കാക്കകൾ കൊത്തിപ്പറിക്കുകയും കഴുകൻമാർ തിന്നുകയും ചെയ്യും" (സുഭാ. 30:17).***

വീണ്ടും ഇരുപതാം അദ്ധ്യായത്തിൽ ഇരുപതാമത്തെ വാക്യം പറയുന്നു. ***"അപ്പനെയോ അമ്മയെയോ പ്രാകുന്നവന്റെ വിളക്ക് കൂരിരുട്ടിൽ കെട്ടുപോകും"***

എത്ര അർത്ഥവത്തും തീക്ഷ്ണവുമായ വാക്കുകൾ കുറെക്കാലങ്ങൾക്ക് മുമ്പ് ഒരു സിനിമയിൽ കണ്ട രംഗം ഇപ്പോഴും മനസ്സിൽ നീറ്റലായി അവശേഷിക്കുന്നു. റെയിൽവേസ്റ്റേഷനിൽ തളർന്നുവീണ വൃദ്ധയായ ഒരമ്മ. ആരോ പോലീസ് സ്റ്റേഷനിൽ എത്തിച്ചപ്പോൾ ആ അമ്മ പൊട്ടിക്കരഞ്ഞുകൊണ്ട് തന്റെ കദനകഥ പറഞ്ഞു. ഉന്നത പദവിയിലും നിലവാരത്തിലും ഒക്കെ കഴിയുന്ന മക്കൾക്ക് അമ്മയെ ആവശ്യമില്ലത്രെ. മറവി ബാധിച്ച അമ്മയെ ദൂരെ കൊണ്ടുപോയി ഉപേക്ഷിച്ചു കടന്നുകളയുന്ന മകന്റെ ചിത്രം. ആ സിനിമ കണ്ടവരാരും പെട്ടെന്ന് മറക്കാനിടയില്ല. അങ്ങനെ എത്രയെത്ര കദനകഥകൾ. വൃദ്ധസദനങ്ങളിലും കടത്തിണ്ണകളിലും ഒക്കെ ഒറ്റപ്പെട്ടുപോകുന്ന എത്രയെത്ര അമ്മമാർ. ഋഷിവര്യൻമാരും പണ്ഡിതശ്രേഷ്ഠരും ഒക്കെ ജീവിച്ചു മരിച്ച ആർഷഭാരതത്തിൽ നമ്മുടെ പൈതൃകവും ധാർമ്മിക മൂല്യങ്ങളും ഒക്കെ അന്യംനിന്നു പോവുകയാണോ. എന്തിനേറെ നമ്മുടെ നാടിനെ ഭാരതമാതാവെന്ന കുലീനയും ആഢ്യത്വവുമുള്ള ഭാരതസ്ത്രീയോടാണ് കവികളും കലാകാരന്മാരുമൊക്കെ ഉപമിച്ചിരിക്കുന്നത്. ആ പവിത്രസങ്കൽപത്തിന് കളങ്കം കുറിക്കുന്ന പ്രവൃത്തികളാണ് ഇന്ന് ദിനംതോറും അരങ്ങേറിക്കൊണ്ടിരിക്കുന്നത്. ദിനപ്പത്രം നിവർത്തിയാൽ എവിടെയും പീഢനകഥകളുടെ പരമ്പരകൾ മാത്രം. ബാലിക മുതൽ പടുവൃദ്ധവരെ പീഡനത്തിനിരയാകുന്നു.

contd……..

അധാർമ്മികതയിലും ലൈംഗിക അരാജകത്വത്തിലും നമ്മുടെ നാട് മുന്നേറുമ്പോൾ ഓരോ ഭാരതീയനും തിരിച്ചറിവിന്റെ ഉൾപ്രേരണ ഉണ്ടാവണം. സ്വന്തം മാതാപിതാക്കളെ ബഹുമാനിക്കാത്തവൻ അവരെ സംരക്ഷിക്കാനോ സ്നേഹിക്കുവാനോ സാധിക്കാത്തവന് എങ്ങനെ സ്വന്തം കുഞ്ഞുങ്ങൾക്ക് റോൾമോഡൽ ആവാൻ സാധിക്കും. ഇന്നത്തെ കുഞ്ഞ്, നാളെയുടെ പൗരൻമാരാണെന്നുള്ള സത്യം നമ്മൾ മറന്നുപോകരുത്.

*“ മാതാ പിതാ ഗുരു ദൈവം”* എന്നാണല്ലോ ചൊല്ല്. ചെറുപ്പം മുതൽ പ്രാർത്ഥനയിലും ശാസനയിലും ശിക്ഷണത്തിലും വളരുന്ന ഒരു മക്കളും നാളെ തന്റെ മാതാപിതാക്കളെ തെരുവിലേക്ക് ഇറക്കിവിടുകയില്ല. മക്കളായിരിക്കണം ഓരോ മാതാപിതാക്കളുടെയും ഏറ്റവും വലിയ സമ്പാദ്യം. പക്ഷേ, അവരേക്കാൾ മുൻഗണന ഭൗതീകസുഖങ്ങൾക്കും സമ്പത്തിനും നൽകുമ്പോൾ ഓരോ മാതാപിതാക്കളും ചിന്തിക്കണം തന്റെ മക്കൾ തങ്ങൾക്ക് എന്നന്നേയ്ക്കുമായി നഷ്ടപ്പെടുമെന്ന്.

ഇവിടെ പരിശുദ്ധ അമ്മയുടെ പ്രാധാന്യം നമ്മൾ പ്രത്യേകം ഓർമ്മിക്കണം. ഈശോ തനിക്ക് ജന്മം നൽകിയ തന്റെ അമ്മയെ തന്റെ ജീവിതത്തിലെ ഓരോ നിമിഷവും ബഹുമാനിച്ചിരുന്നു, സ്നേഹിച്ചിരുന്നു. അമ്മ ആവശ്യപ്പെട്ടപ്പോൾ കാനായിൽവച്ച് അവൻ അത്ഭുതം പ്രവർത്തിച്ചു. തനിക്കുശേഷം തന്റെ അമ്മ ഒറ്റപ്പെട്ടുപോകാതിരിക്കാനായി താൻ ഏറ്റവും കൂടുതൽ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്ത തന്റെ അരുമശിഷ്യന് അമ്മയെ ഏൽപ്പിച്ചുകൊടുത്തു. അവസാനം തന്റെ സ്വർഗ്ഗരാജ്യത്തിലേക്ക് അമ്മയെ ഏറ്റെടുത്തു. എത്ര ഉദാത്തമായ മാതൃപുത്രസ്നേഹമാണ് നാമിവിടെ കാണുന്നത്. ചിന്തിക്കുക നമ്മിലെത്രപേർ സ്വന്തം മാതാപിതാക്കൾക്ക് അല്ലെങ്കിൽ അമ്മായിഅപ്പനോ അമ്മയ്ക്കോ അവരർഹിക്കുന്ന ബഹുമാനവും സ്നേഹവും നൽകുന്നുണ്ട് എന്നുള്ളത്.

***“നിനക്കു ജന്മം നൽകിയ പിതാവിനെ അനുസരിക്കുക. വൃദ്ധയായ അമ്മയെ നിന്ദിക്കരുത്” (സുഭാ. 23:22).*** ഈ വാക്യങ്ങൾ നമ്മുടെ ജീവിതത്തിൽ നാം പ്രാവർത്തികമാക്കുന്നുണ്ടോ? നോമ്പുകാലം അടുത്തുവരികയാണല്ലോ പരിശുദ്ധ അമ്മയ്ക്കു സമർപ്പിക്കുവാൻ കൊന്തമണികൾ ഉരുളുമ്പോൾ നാം നമ്മുടെ മാതാപിതാക്കളെ ഓർക്കണം. ഓരോ രഹസ്യവും ഓരോ നന്മകളാൽ അലങ്കരിക്കണം. ഇന്ന് നീ കിടക്കുമ്പോൾ സ്വയം ആത്മശോധന ചെയ്യണം. നിന്റെ അപ്പനോടോ അമ്മയോടോ നീ പിണക്കത്തിലാണോ? അവരെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യാതിരുന്നിട്ടുണ്ടോ? ഭാഗംവച്ചപ്പോൾ തനിക്ക് അൽപ്പം ഭൂമി കുറഞ്ഞുപോയതിന്റെ പേരിൽ അല്ലെങ്കിൽ മാതാപിതാക്കളുടെ പേരിൽ സ്വത്തും പണവും ഒന്നും ഇല്ലായെന്നുള്ള കാരണത്താൽ നീ നിന്റെ മാതാപിതാക്കളോട് ശത്രുത പുലർത്തുന്നുണ്ടോ? രോഗികളും അവശരുമായ നിന്റെ മാതാപിതാക്കൾ നിനക്ക് ഭാരമായി തോന്നുന്നുണ്ടോ? ഉന്നതപദവിയിലും നിലവാരത്തിലും ജീവിക്കുന്ന നിനക്ക് നിന്റെ അച്ചനും അമ്മയും ശാപമായി തോന്നുന്നുവെങ്കിൽ പ്രിയ സഹോദരരേ... നിങ്ങൾ ***സുഭാഷിതങ്ങൾ 30:17 വായിക്കാൻ മറക്കാതിരിക്കുക.*** നിന്നെ വളർത്തി വലുതാക്കാൻ നിന്റെ മാതാപിതാക്കൾ അനുഭവിച്ച ഓരോ സഹനവും സന്ധ്യാപ്രാർത്ഥനയിൽ നിന്റെ അമ്മയുടെ കൈകളിലെ കൊന്തമണികൾ ഉരുളുമ്പോൾ പരിശുദ്ധ അമ്മയുടെ സഹനത്തോട് ചേർത്ത് ദൈവസന്നിധിയിൽ അർപ്പിച്ചതാണ്. അതുകൊണ്ടുതന്നെ വിധിദിനത്തിൽ നീ ഉത്തരം പറയാൻ ബാദ്ധ്യസ്ഥനാണെന്ന കാര്യം മറന്നുപോവരുത്. കൊന്തമാസത്തിന്റെ പവിത്രതയിൽ നാം പരിശുദ്ധ അമ്മയ്ക്ക് ജപമാല അർപ്പിക്കുമ്പോൾ ജീവിച്ചിരിക്കുന്നവരും മരിച്ചുപോയവരുമായ നമ്മുടെ മാതാപിതാക്കളെ ഓർമ്മിക്കുക. അവർക്കുവേണ്ടി പ്രാർത്ഥിക്കുക. അവരുടെ സ്നേഹത്തിനും സഹനത്തിനും നന്ദിപറയുക. ജപമാലയുടെ മെഴുകുതിരിവെളിച്ചത്തിൽ പശ്ചാത്തപത്തിന്റെ കണ്ണുനീരാൽ ഓരോ മനസ്സും പവിത്രമാകട്ടെ.

**ടെസി ജോജി നാഗപ്പുഴ**

*Rainbow: Express, Exchange and be Informed of a Christian Way of Life !*



***Send your articles to rainbowsmcm@gmail.com***

**The Vision of the SM Mission**

***“We, the Syro-Malabar Catholic Mission New Zealand, take every step to live our Christian Vocation as handed over to us through St. Thomas, the Apostle of Jesus Christ, with its own particular characteristics expressed in worship, spirituality, theology and disciplinary laws, to unite all the Syro-Malabar faithful in New Zealand under the hierarchical order of the Syro-Malabar Community and handover the same faith and tradition to our children”***

**Printed and published by Syro Malabar Catholic Mission Auckland, Our lady of the Sacred Heart Parish, 19 Banff Ave, Epsom, Auckland. www.asmcm.org Tel: 6303956 Email: smchaplainnz@gmail.com, Mobile: 0226977207. Pvt Circulation**